പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5571

28.7.2015 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിയുള്ള വ്യക്തികൾ നേരിടുന്ന വിവേചനങ്ങൾ

ചോദ്യം

മറുപടി

ശ്രീ.കെ.എൻ.എ.ഖാദർ

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ശാരീരികവും മാനസികവുമായ വൈകല്യങ്ങളുടെ പേരിൽ ഭിന്നശേഷിയുള്ള വ്യക്തികൾക്ക് പൊതു സമൂഹത്തിലും തൊഴിലിടങ്ങളിലും പലപ്പോഴും വിവേചനങ്ങൾ അനുഭവിക്കേണ്ടിവരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഏതെങ്കിലും തരത്തിലുള്ള വൈകല്യങ്ങളുടെ പേരിൽ തൊഴിലിടങ്ങളിൽ പിടിച്ചുനിൽക്കാനാവാതെ പലർക്കും സ്വയം വിരമിക്കേണ്ടിവരുന്നതായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി)സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലിയിലിരിക്കെ ഏതെങ്കിലും തരത്തിലുള്ള ശാരീരിക മാനസിക വൈകല്യമുണ്ടാകുന്ന സാഹചര്യത്തിൽ സ്വയം വിരമിക്കലിന് തയ്യാറായ നിരവധി ജീവനക്കാർ സംസ്ഥാനത്തുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ജീവനക്കാരെ ജോലിയിൽ നിലനിറുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും നിലവിൽ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ;<br>(ഡി) സേവനകാലത്ത് സംഭവിച്ച വൈകല്യങ്ങളുടെ പേരിൽ ജോലിയിൽ നിന്ന് പിരിച്ചുവിടുകയോ തസ്തിക താഴ്ത്തുകയോ സ്ഥാനക്കയറ്റം നിഷേധിക്കുകയോ ചെയ്യുന്ന സാഹചര്യം സംസ്ഥാനത്ത് നിലവിലുണ്ടോ; എങ്കിൽ ഈ സാഹചര്യം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;<br>(ഇ) ഭിന്നശേഷിയുള്ളവരെയും സേവനകാലത്ത് വൈകല്യങ്ങൾ സംഭവിക്കുകയും ചെയ്യുന്നവരെയും ജോലിയിൽ തുടരാൻ പ്രേരിപ്പിക്കുന്ന തരത്തിൽ അനുകൂലമായ നിലപാട് സ്വീകരിക്കുമോ? | (സി), (ഡി) & (ഇ)<br>ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 1995 ലെ PWD Act ലെ 47-ാം വകുപ്പ് പ്രകാരം ജോലിയിലിരിക്കെ പൂർണ്ണമായോ ഭാഗികമായോ വൈകല്യമുണ്ടാകുന്ന പക്ഷം ടിയാന്റെ പദവിയ്ക്കനുയോജ്യമായ വിധത്തിൽ അനുയോജ്യമായ തസ്തികയിൽ പുനർ നിയമനം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കാനുള്ള സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ